Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

11169/D/17/KSHO 07/2/2018

പ്രേഷക

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർക്കും
കുടുംബശ്രീ

സർ,

**വിഷയം – കുടുംബശ്രീ – KASE – ഡ്രൈവിംഗ് സ്കിൽ പരിശീലനം ആരംഭിക്കുന്നത് – സംബന്ധിച്ച്**

**സൂചന: 05/12/2017–ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്**

സൂചന പ്രകാരം ഓട്ടോ, കാർ, ബസ് ഡ്രൈവിംഗ് പരിശീലനത്തിനുള്ള ഗുണ ഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റിൽ 12/2/2018 തീയതിക്കുള്ളിൽ സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതും 15/2/2018 മുതൽ ഡ്രൈവിംഗ് പരിശീലനം ആരംഭിക്കേണ്ടതുമാണ്. പരിശീലനത്തിന് ആകെ ചെലവായ തുക സംസ്ഥാന മിഷനെ അറിയിക്കുന്ന പക്ഷം ടി തുക KASE – ന്റെ പരിശീലന ഫണ്ടിൽ നിന്നും അനുവദിച്ചു നൽകുന്നതാണ്. പരിശീലനത്തിൽ ഏർപ്പെടുന്ന ഓരോ ഗുണ ഭോക്താകവുമായും ജില്ലാ മിഷൻ ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതാണ്. ആയതിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം:

1. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനുള്ള ഫോർമാറ്റ്
2. ധാരണാ പത്രത്തിന്റെ മാതൃക

പ്രോഗ്രാം ഓഫീസർ (എം ഇ)
ഡയറക്ടർ (എ&എഫ്)ക്കുവേണ്ടി
കുടുംബശ്രീ

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

# ഗുണഭോക്താക്കളുടെ ലിസ്റ്റ്

ജില്ല:

പരിശീലന മേഖല:

പരിശീലന ഏജൻസിയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ:

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഫോൺ നം. | മുൻസിപാലിറ്റി/ പഞ്ചായത്ത് |
|---|---|---|---|
| | | | |

ആകെ പരിശീലനത്തിന് വേണ്ടി വരുന്ന തുക: ..........

## എഗ്രിമെൻറ് നമ്പർ .................... തീയതി .........

കുടുംബശ്രീ (ഇടുക്കി) ................................ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ മുമ്പാകെ ഇടുക്കി ജില്ലയിലെ.................... ഗ്രാമപഞ്ചായത്തിലെ......... വാർഡിൽ പ്രവർത്തിക്കുന്ന .................... കുടുംബശ്രീ യൂണിറ്റിന് വേണ്ടി യൂണിറ്റ് അംഗം/ അംഗങ്ങളായ താഴെ ഒപ്പിട്ടിരിക്കുന്ന ഞാൻ/ഞങ്ങൾ ... പേർ ചേർന്ന് എഴുതികൊടുക്കുന്ന ഉടമ്പടി.

1. .................... ഗ്രാമപഞ്ചായത്തിലെ ......വാർഡിലുള്ള .................... കുടുംബശ്രീ അയൽക്കൂട്ടത്തിലെ .................... അംഗങ്ങൾ ചേർന്ന് .............. (ഓട്ടോ,കാർ..) സംരംഭം തുടങ്ങുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ആക്ടിവിറ്റി ഗ്രൂപ്പാണ് ........... ......... കുടുംബശ്രീ യൂണിറ്റ്.

2. ടി ആക്ടിവിറ്റി ഗ്രൂപ്പിൻെറ പേരിൽ .................... ബാങ്കിൽ ............ നമ്പരിൽ ഞാൻ/ഞങ്ങൾ ഒരു ലോൺ അക്കൗണ്ടും ആരംഭിക്കും / ആരംഭിച്ചിട്ടുണ്ട്.

3. കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും എനിക്ക്/ഞങ്ങളുടെ യൂണിറ്റിന് ഡ്രൈവിംഗ് പരിശീലനം ലഭിച്ച് ബാഡ്ജ് ലഭിക്കുന്ന മുറക്ക് ഞാൻ/ഞങ്ങൾ സംരംഭം ആരംഭിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ സംരംഭം ആരംഭിക്കാതെ വരികയോ ഇതിനു വീഴ്ച വരുത്തുകയോ ചെയ്താൽ പരിശീലനത്തിനായി ചിലവഴിക്കുന്ന തുക പൂർണ്ണമായി തിരിച്ചടക്കുന്നതാണ്.

4. ബാങ്കിൽനിന്നും എനിക്ക്/ഞങ്ങളുടെ യൂണിറ്റിന് അനുവദിക്കുന്ന വായ്പ തുകയും സബ്സിഡി തുകയും ഞാൻ/ഞങ്ങൾ ആരംഭിക്കുന്ന ............ യൂണിറ്റിന് വേണ്ടി മാത്രം പൂർണ്ണമായും ചെലവഴിക്കുന്നതാണ്. വായ്പ തുകയോ അല്ലെങ്കിൽ സബ്സിഡി തുകയോ ആക്റ്റിവിറ്റി ഗ്രൂപ്പിൽ ഉൾപ്പെടാത്ത അയൽക്കൂട്ടം അംഗങ്ങൾക്ക് വീതം വച്ച് നല്കുകയോ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയോ ചെയ്യുന്നതല്ല.

5. പ്രോജക്ടിൽ പ്രതിപാദിച്ചിട്ടുള്ള വിധം തന്നെ ആയത് നടത്തുന്നതും അതിൽ എന്തെങ്കിലും വീഴ്ച ഉണ്ടായാൽ ആയതിൻെറ പൂർണ്ണ ഉത്തരവാദിത്വം യൂണിറ്റ് അംഗങ്ങൾക്ക് ഉണ്ടായിരിക്കുന്നതുമായിരിക്കും.

6. സംരംഭം ഇടയ്ക്ക് വച്ച് നിർത്തുകയോ മറ്റ് ആർക്കെങ്കിലും കൈമാറുകയോ ചെയ്യുന്നതല്ല. അപ്രകാരം ചെയ്യേണ്ടി വരുന്ന പക്ഷം സബ്സിഡി തുക പൂർണ്ണമായും തിരിച്ചടയ്ക്കാൻ ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.

7. ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പ തുക ബാങ്ക് അനുവദിച്ചിട്ടുള്ള തവണകളായി നിശ്ചിത തീയതികളിൽ തന്നെ അടച്ചുതീർക്കുന്നതാണ്.

യാതൊരു കാരണവശാലും വായ്പതുക മുൻകൂറായി കാലാവധിക്ക് മുൻപ് അടയ്ക്കുന്നതല്ല.

8. കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പരിശീലന പരിപാടികളിൽ ഞങ്ങൾ പങ്കെടുക്കുന്നതായിരിക്കും. കൂടാതെ കുടുംബശ്രീയിൽ നിന്നും യൂണിറ്റിൻെറ നടത്തിപ്പിനെ സംബന്ധിച്ച് നൽകുന്ന നിർദ്ദേശങ്ങൾ ഞങ്ങൾ പൂർണ്ണമായും പാലിക്കുന്നതായിരിക്കും.

9. യൂണിറ്റിലെ അംഗങ്ങളായ ...............പേരിൽ ഒരാൾപോലും സംരംഭത്തിൽ നിന്നും ഇടയ്ക്ക് വച്ച് നിർത്തി പോകുന്നതല്ല. യൂണിറ്റിൽ പുതിയൊരു അംഗത്തിനെ എടുക്കേണ്ട അടിയന്തിര സാഹചര്യമുണ്ടായാൽ സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ എന്നിവരുടെ അനുവാദത്തോടെ മാത്രമേ എന്തെങ്കിലും തീരുമാനമെടുക്കുകയുള്ളൂ.

മേൽ പറഞ്ഞ വ്യവസ്ഥകളിൽ എന്തെങ്കിലും ഞങ്ങൾ കൂട്ടായോ, അംഗങ്ങളിൽ ആരെങ്കിലുമോ ലംഘിച്ചാൽ കുടുംബശ്രീയിൽ നിന്നും പരിശീലനത്തിനായി ചിലവഴിച്ച തുകയും സഹായമായി നല്കിയ സബ്സിഡി തുകയും തിരികെ ഈടാക്കാൻ ജില്ലാമിഷൻ കോ–ഓർഡിനേറ്റർക്ക് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കും. ഇതിനായി വേണ്ടിവന്നാൽ നിയമാനുസരണമുള്ള നടപടികൾ ഞങ്ങളുടെ പേരിൽ സ്വീകരിക്കുന്നതിനും ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്ക് അവകാശമുണ്ടായിരിക്കും.

ടി വ്യവസ്ഥകൾ സർവ്വാത്മനാ അംഗീകരിച്ചുകൊണ്ട് ..................... യൂണിറ്റിന് വേണ്ടി.

1. ..................... ..................... ..................... (ലീഡർ)

2. ..................... ..................... ..................... (സെക്രട്ടറി)

3. ..................... ..................... ..................... (അംഗം)

4. ..................... ..................... ..................... (അംഗം)

5. ..................... ..................... ..................... (അംഗം)

തീയതി: